പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1560 04.12. 2015- ലെ മറുപടി

**വിദേശങ്ങളിൽ വച്ച് അപകടത്തിൽ പെട്ട് മരിക്കുന്ന മലയാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ : | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) വിദേശത്ത് ജോലിക്കുപോയി അപകടങ്ങളിൽ പെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് ഏതെല്ലാം രീതിയിൽ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ടെന്നും ആയത് കേരളത്തിൽ ഒരാൾ അപകടത്തിൽ പെട്ട് മരണമടഞ്ഞാൽ അവരുടെ കുടുംബങ്ങൾക്ക് കിട്ടുന്ന ധനസഹായത്തേക്കാൾ കൂടുതലാണോ എന്നും വ്യക്തമാക്കുമോ; | എ) വിദേശത്ത് ജോലിക്ക് പോയി അപകടത്തിൽപ്പെട്ട് മരണമടയുന്ന, നോർക്ക – റൂട്ട്സിന്റെ പ്രവാസി ഇൻഷുറൻസ് കാർഡ് എടുത്തിട്ടുള്ള പ്രവാസി കേരളീയരുടെ നോമിനിക്ക് അപകടമരണ ഇൻഷുറൻസ് തുകയായ 2,00,000/- രൂപവരെ നൽകി വരുന്നുണ്ട്. കൂടാതെ നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി വഴി അല്ലെങ്കിൽ ബഹു. മുഖ്യമന്ത്രിയുടെ ധനസഹായനിധിയായ ചെയർമാൻഫണ്ട് മുഖേനയോ വിദേശത്ത് മരണമടയുന്ന കേരളീയരുടെ അവകാശിക്ക് (വാർഷിക വരുമാനം 1,00,000/- രൂപ വരെയുള്ളവർക്ക്) നിബന്ധനകൾക്ക് വിധേയമായി പരമാവധി 1,00,000/- രൂപ വരെ മരണാനന്തര ധനസഹായം നൽകിവരുന്നുണ്ട്. കേരളത്തിൽ അപകടത്തിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബാംഗങ്ങൾക്ക് കിട്ടുന്ന ധനസഹായത്തെക്കുറിച്ച് പ്രവാസികാര്യ വകുപ്പിന് അറിവില്ല. |
| ബി)മൃതശരീരം നാട്ടിലെത്തിക്കാനുള്ള ചെലവു കണക്കിലെടുക്കുമ്പോൾ പ്രസ്തുത കുടുംബങ്ങൾക്ക് നൽകുന്ന തുക വളരെ കുറവാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് തുക പരിഷ്കരിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ; | ബി) ഇല്ല. മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് സ്പോൺസറോ എംബസിയോ വഹിക്കാതിരിക്കുന്ന സാഹചര്യത്തിൽ നിബന്ധനകൾക്ക് വിധേയമായി പ്രവാസികാര്യവകുപ്പ് കാരുണ്യം പദ്ധതിയിലൂടെ പരമാവധി 50,000/- രൂപ ധനസഹായമായി നൽകുന്നു. |

സി)പ്രസ്തുത കുടുംബങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായത്തിനായി അപേക്ഷ നൽകിയവരിൽ ചേർത്തല താലൂക്കിലെ ചേർത്തല വടക്ക്, കൊക്കോതമംഗലം, പട്ടണക്കാട്, വയലാർ, കടക്കരപ്പള്ളി, തണ്ണീർമുക്കം വടക്ക്, ചേർത്തല തെക്ക്, തണ്ണീർമുക്കം തെക്ക്, കഞ്ഞിക്കുഴി വില്ലേജുകളുടെ പരിധിയിൽ പെട്ട എത്ര അപേക്ഷകളിൽ ഈ സർക്കാരിന്റെ കാലയളവിൽ തീർപ്പുണ്ടായി എന്നും എത്ര രൂപവീതം സഹായം അനുവദിച്ചുവെന്നും എത്രയെണ്ണം ഇനിയും തീർപ്പാക്കാനുണ്ടെന്നും എന്തുകൊണ്ടാണ് ഇവയിൽ ധനസഹായം അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതെന്നും പ്രസ്തുത കേസുകളിൽ അടിയന്തിരമായി സാമ്പത്തിക സഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ;

സി)ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാന്ത്വന/ചെയർമാൻ ഫണ്ട് പദ്ധതികൾ മുഖാന്തിരം മരണാനന്തര ധനസഹായത്തിനർഹരായ ആലപ്പുഴ ജില്ലയിലെ ഗുണഭോക്താകൾക്ക് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു(താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല)

**സാന്ത്വന പദ്ധതി**

| വർഷം | മരണാനന്തര ധനസഹായം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011 - 2012 | 4 | 40,000/- |
| 2012 - 2013 | 10 | 1,60,000/- |
| 2013 - 2014 | 52 | 35,98,000/- |
| 2014 - 2015 | 30 | 26,10,000 |

**ചെയർമാൻ ഫണ്ട് പദ്ധതി**

| വർഷം | മരണാനന്തര ധനസഹായം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011 - 2012 | 3 | 30,000/- |
| 2012 - 2013 | 2 | 35,000/- |
| 2013 - 2014 | 3 | 1,20,000/- |
| 2014 - 2015 | - | |

കൂടാതെ പ്രവാസി ഐ. ഡി. കാർഡിന്റെ ഇൻഷുറൻസ് പരിരക്ഷയായ 2,00,000/- രൂപയുടെ ധനസഹായം ആലപ്പുഴ ജില്ലയിലെ ഒരു ഗുണഭോക്താവിന് 2013 ൽ വിതരണം ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ അപേക്ഷകരിൽ 20/11/2014 നു ശേഷം നാളിതുവരെ മരണാനന്തര ധനസഹായത്തിന് സാന്ത്വന പദ്ധതി വഴി സർക്കാർ ഉത്തരവ് നൽകിയ 28 ഗുണഭോക്താക്കൾക്ക് ഫണ്ട് ലഭിക്കുന്ന മുറക്ക് എത്രയും പെട്ടെന്ന് തുക വിതരണം ചെയ്യുന്നതാണ്.

ഡി)പ്രസ്തുത സാമ്പത്തിക സഹായത്തിനായി മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർക്ക് അപേക്ഷ നൽകിയ കേസുകളിൽ എത്ര എണ്ണം നോർക്ക വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെന്നും അവയിൽ ഇനിയും സാമ്പത്തിക സഹായം അനുവദിക്കാത്ത എത്ര കേസുകൾ ഉണ്ടെന്നും ഇതിൽ ചേർത്തല താലൂക്കിലെ എത്ര കേസുകൾ ഉണ്ടെന്നും അവ ആരുടെയെല്ലാം കേസുകളാണെന്നും വ്യക്തമാക്കുമോ?

ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മരണാനന്തര ധനസഹായത്തിനായി നോർക്ക - റൂട്ട്സിൽ നിന്നും ലഭിച്ച 3735 അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. സാന്ത്വന പദ്ധതിയുടെ നടത്തിപ്പിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച മുഴുവൻ തുകയും വിതരണം ചെയ്തു കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ അധിക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്. ചേർത്തല താലൂക്കിൽ ധനസഹായം അനുവദിക്കാത്ത കേസുകൾ നിലവിലില്ല. ധനസഹായം അനുവദിച്ചിട്ടുള്ള ശ്രീമതി പ്രീത എസ്., ചെല്ലം വീട്, ചേർത്തല താലൂക്ക്, വരനാട് എന്ന ആൾക്ക് ഫണ്ട് ലഭിക്കുന്ന മുറക്ക് തുക നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ